2014 ജൂലൈയിലെ വകുപ്പുതല പരീക്ഷയ്ക്കായി സാധുവായ അപേക്ഷ സമർപ്പിച്ചിരുന്ന  അന്ധരായ ഉദ്യോഗസ്ഥർക്കു വേണ്ടി കോഴിക്കോട് ജില്ലാ ഓഫീസ്, എറണാകുളം ജില്ലാഓഫീസ്, തിരുവനന്തപുരം ആസ്ഥാന ഓഫീസ് എന്നിവിടങ്ങളിൽ വച്ച് യഥാക്രമം 08/10/2014, 10/10/2014, 17/10/2014 തീയതികളിൽ വാചാ പരീക്ഷ നടത്തുന്നതിന് ബഹുമാനപ്പെട്ട കമ്മിഷൻ ഉത്തരവായിരിക്കുന്നു. യോഗ്യരായ പരീക്ഷാർത്ഥികൾക്ക്  ഇതു സംബന്ധിച്ച അറിയിപ്പും അഡ്മിഷൻ ടിക്കറ്റും ഇതിനോടകം അയച്ചിട്ടുണ്ട്. 30.09.2014 നകം അറിയിപ്പ് ലഭിക്കാത്തവർ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് വിഭാഗം ജോയിന്റ് സെക്രട്ടറിയെ ടെലിഫോണിൽ (0471 – 2546278) അക്കാര്യം അറിയിക്കേണ്ടതാണ്. പരീക്ഷാർത്ഥികൾ അസൽ രേഖകളുമായി രാവിലെ 08.30 ന് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ഹാജരാകേണ്ടതാണ്.